# പതിനാലാം കേരളനിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3364 10.12.2018 ൽ മറുപടിക്ക്

## ദലിത് ക്രൈസ്തവർക്ക് ജാതി സർട്ടിഫിക്കറ്റ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എം. നൗഷാദ്** | **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ ദലിത് ക്രൈസ്തവർക്ക് വില്ലേജ് ആഫീസർമാർ ജാതി സർട്ടിഫിക്കറ്റ് നിഷേധിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (എ) ഇല്ല. |
| (ബി) ദലിത് ക്രൈസ്തവർക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുമ്പോൾ നിലവിലെ സർക്കാർ ഉത്തരവ് പ്രകാരം ജാതിയുടെ സ്ഥാനത്ത് 'പട്ടികജാതിയിൽ നിന്നും മതപരിവർത്തനം ചെയ്തവർ' എന്ന് രേഖപ്പെടുത്തുന്നതിന് പകരം മുൻകാലത്ത് രേഖപ്പെടുത്തിയിരുന്നതു പോലെ അവരുടെ പരിവർത്തനത്തിന് മുമ്പുള്ള ജാതി രേഖപ്പെടുത്താൻ നിർദ്ദേശം നൽകണമെന്നുള്ള ആവശ്യം പരിഗണിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ? | (ബി) കേന്ദ്ര സർക്കാരിന്റെ കേരളത്തിനായുള്ള ഒ.ബി.സി. പട്ടികയിലെ ക്രമ നമ്പർ 45, കേരള സംസ്ഥാന സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള ഒ.ബി.സി. പട്ടികയിലെ ക്രമ നമ്പർ 47, കേരള സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള നോൺ ക്രിമിലെയർ (ഒ.ബി.സി.) പട്ടികയിലെ ക്രമ നമ്പർ 47, സംസ്ഥാന സർക്കാരിന്റെ ഒ.ഇ.സി.- (1) പട്ടികയിലെ ക്രമ നമ്പർ 6, സംസ്ഥാന സർക്കാരിന്റെ എസ്.ഇ.ബി.സി. പട്ടികയിലെ ക്രമ നമ്പർ VII b എന്നിവയിലെ ഒരിനമായി രേഖപ്പെടുത്തിയിട്ടുള്ളത് "Scheduled Caste Converted to Christianity" എന്നാണ്. ഇത്തരത്തിൽ മാത്രമാണ് പ്രസ്തുത സർട്ടിഫിക്കറ്റുകൾ അനുവദിക്കാനാകുക. മതപരിവർത്തനം നടത്തി ക്രിസ്തുമതം സ്വീകരിക്കുന്നതോടുകൂടി ഇത്തരക്കാർക്ക് ജാതി രേഖപ്പെടുത്തി സർട്ടിഫിക്കറ്റുകൾ അനുവദിക്കാൻ നിയമവ്യവസ്ഥയില്ലാത്തതിനാൽ പരിവർത്തനത്തിന് മുമ്പുള്ള ജാതി കൂടി രേഖപ്പെടുത്തി സർട്ടിഫിക്കറ്റുകൾ അനുവദിക്കാനാകില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ